**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **27-07-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടത്തിനായി എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. G.O.(Rt.) No. 74/2016/Trans dt.16/02/2016 പ്രകാരം മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷിന്റെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും ഒരു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുകയിൽ നിന്നും ഇതുവരെ ചെയ്ത പ്രവൃത്തിയുടെ ബിൽ തുകയായ 4,93,314/- രൂപ കരാറുകാരന് കൊടുക്കുവാൻ G.O.(Rt.) No: 191/2021/Trans dt.16/06/2021പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.റ്റി.സി. പേയ്മെന്റ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് മാവേലിക്കര ഡിപ്പോയിൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 01/6/2016-ൽ ആവശ്യമായ രേഖകൾ എല്ലാം ഉൾപ്പെടുത്തി ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ മുൻസിപ്പാലിറ്റിയിൽ സമർപ്പിക്കുകയുണ്ടായി. നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങുവാനും ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും ശ്രീ.ആർ.രാജേഷ് എം.എൽ.എ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 21/6/2016ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രവൃത്തി നടന്നു വരവെ മുൻസിപ്പാലിറ്റിയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് 01/7/2016 മുതൽ നിർമ്മാണ പ്രവർത്തനം നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടായി. പിന്നീട് പല തവണ പെർമിറ്റ് അനുവദിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി കത്ത് സമർപ്പിക്കുകയും ബഹു. മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ് അനുസരിച്ച് ആലപ്പുഴ ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടുകയും ചെയ്തെങ്കിലും മാവേലിക്കര മുൻസിപ്പാലിറ്റി നാളിതു വരെ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് കരാറുകാരന്റെ |

| | | | |
|---|---|---|---|
| | | | അപേക്ഷ പരിഗണിച്ച് അവിടെ ചെയ്ത പ്രവൃത്തികളുടെ കരാർ തുക നൽകി കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുകയുണ്ടായി. മുൻസിപ്പാലിറ്റിയിൽ നിന്ന് നിർമ്മാണാനുമതി ലഭിച്ചാൽ തന്നെ ഡിപ്പോ കെട്ടിടത്തിന്റെ ബാക്കി ചെയ്യേണ്ട പ്രവൃത്തികൾക്ക് വേണ്ടി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി വാങ്ങി ടെണ്ടർ ക്ഷണിക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ